# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന്;

തിരുവനന്തപുരം - 2015 മെയ് 7

## അനംഗീകൃത വിദ്യാലയങ്ങൾക്ക് അംഗീകാരം-
## സർക്കാർ നടപടി റദ്ദാക്കണം

**- കെ എസ് ടി എ**

കേരളത്തിൽ അനംഗീകൃതമായി പ്രവർത്തിക്കുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയ സർക്കാർ നടപടി റദ്ദാക്കണമെന്ന് കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ തുടച്ചുനീക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ ഭാഗമാണ് ഈ നടപടി. പൊതുവിദ്യാഭ്യാസ മേഖലയെ പൂർണമായും നശിപ്പിക്കുന്ന സർക്കാർ നയത്തിനെ കെ എസ് ടി എ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കും.

കേരളത്തിൽ യു ഡി എഫ് സർക്കാർ അധികാരത്തിലിരുന്ന കാലഘട്ടങ്ങളിലെല്ലാം പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നയങ്ങളാണ് സ്വീകരിച്ചുകൊിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ വിദ്യാഭ്യാസ മന്ത്രി നടത്തിയ പ്രസ്താവനയിലൂടെ നയം വ്യക്തമായിരുന്നു. തുടർന്ന് 540 ഓളം സി ബി എസ് ഇ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി. കേന്ദ്രവിദ്യാഭ്യാസ നിയമത്തിന്റെ മറവിൽ അനംഗീകൃതമായി പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും മാനദണ്ഡങ്ങളെല്ലാം മറികടന്ന് അംഗീകാരം നൽകാൻ തീരുമാനിച്ചു. അംഗീകാരം ലഭിക്കാനായി 2000 ത്തിലധികം അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ട്. ഒന്നാം ഘട്ടം എന്ന നിലയിലാണ് ഇപ്പോൾ 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയത്. 80 എണ്ണം അടുത്തുതന്നെ പരിഗണിക്കും. ശേഷിക്കുന്ന അപേക്ഷകരിൽ അംഗീകാരം നൽകുന്നതിനുവേിയുള്ള വിലപേശൽ നടക്കുന്നതായാണ് അറിയുന്നത്. കോടിക്കണക്കിന് രൂപയുടെ അഴിമതിയ്ക്കാണ് ഇത് കളമൊരിക്കിയത്.

പൊതുവിദ്യാഭ്യാസ മേഖലയിൽ ഇക്കാലയളവിൽ 18000 ത്തോളം അധ്യാപകർക്ക് തസ്തിക നഷ്ടപ്പെട്ട് ജോലി ഇല്ലാതായി. 5412 വിദ്യാലയങ്ങൾ കുട്ടികളുടെ കുറവുമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടകയാണ്. 45 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള വിപുലമായ പൊതുവിദ്യാഭ്യാസ ശൃംഖല കേരളത്തിലുള്ളപ്പോഴാണ് കച്ചവടക്കാർക്ക് പണമുാക്കുവാൻ വേി വീും ഇത്തരം കച്ചവടസ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്. വിദ്യാഭ്യാസ മേഖലയെ പൂർണമായും കച്ചവടവൽക്കരിക്കാനാണ് സർക്കാരിന്റെ ശ്രമം. അതിനുവേിയുള്ള മുന്നോരുക്കമെന്ന നിലയിലാണ് എസ് എസ്എൽസി പരീക്ഷ ഫലത്തിന്റെ അട്ടിമറിയിലൂടെ നാം ക ത്. കേരളത്തിലെ നാലരലക്ഷം കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ആശങ്കയിലാക്കി പൊതുവിദ്യാഭ്യാസത്തിന്റെ വിശ്വാസ്യത തകർക്കുക എന്ന ഗൂഢലക്ഷ്യമാണ് ഈ ഫലപ്രഖ്യാപനത്തിലൂടെ നടന്നത്.

സംസ്ഥനത്തെ ലക്ഷക്കണക്കിന് അധ്യാപകരുടെയും സാധാരണക്കാരായ ജനങ്ങളുടെയും കുട്ടികളുടെയും താൽപര്യങ്ങൾ പരിഗണിക്കാതെ വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സർക്കാരിന്റെ നയത്തിനെതിരെ അതിശക്തമായ ബഹുജനപ്രക്ഷോഭം ഉയർന്നുവരണം. ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദങ്ങളിലും പ്രതിഷേധ കൂട്ടായ്മകൾ സംഘടിപ്പിക്കുമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ അറിയിച്ചു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി